**കേരള സർക്കാർ**
**സംഗ്രഹം**

**തദ്ദേശ സ്വയംഭരണ വകുപ്പ് - പാലക്കാട് നഗരസഭയിലെ തെരുവ്‌വിളക്കുകൾ പൊതുസ്വകാര്യപങ്കാളിത്തത്തോടെ എൽ.ഇ.ഡി ആക്കി മാറ്റുന്നത് സംബന്ധിച്ച് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

==============================================================

**തദ്ദേശ സ്വയംഭരണ (ഡിസി) വകുപ്പ്**

സ.ഉ (സാധ) നമ്പർ 568 /2015/തസ്വഭവ തീയതി, തിരുവനന്തപുരം. 25/2/2015

==============================================================

പരാമർശം:- 1. 28/10/2014ലെ നഗരകാര്യ ഡയറക്ടറുടെ ഡിസി3-11755/2014 നമ്പർ കത്ത്.
2. കെ.എസ്.യു.ഡി.പി പ്രോജക്ട് ഡയറക്ടറുടെ 21/2/2015ലെ എ1-115/2014/കെ.എസ്.യു.ഡി.പി(1) നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട് നഗരസഭയിലെ എൽ.ഇ.ഡി തെരുവ്‌വിളക്ക് പദ്ധതി പൊതുസ്വകാര്യപങ്കാളിത്തത്തോടെ(പിപിപി വ്യവസ്ഥയിൽ) നടപ്പിലാക്കുന്നതിന് ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി എന്ന സ്ഥാപനം തയ്യാറാക്കി സമർപ്പിച്ചിട്ടുള്ള ഡി.പി.ആർ അംഗീകരിക്കുന്നതിനും, ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതിനുള്ള അനുമതിക്കുമായി നഗരസഭാ സെക്രട്ടറി നൽകിയ അപേക്ഷയിന്മേൽ അനുകൂല ഉത്തരവ് നൽകണമെന്ന ശുപാർശയോടെ പരാമർശം(1)ലെ കത്തു പ്രകാരം നഗരകാര്യ ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

കെ.എസ്.യു.ഡി.പി പ്രോജക്ട് ഡയറക്ടറുടെ പരാമർശം(2)ലെ കത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പാലക്കാട് നഗരസഭയിലെ എല്ലാ തെരുവ്‌വിളക്കുകളും പൊതുസ്വകാര്യപങ്കാളിത്തത്തോടെ എൽ.ഇ.ഡി ആക്കി മാറ്റി സ്ഥാപിക്കുന്ന രീതിയിൽ, പദ്ധതിയുടെ നിലവിലുള്ള ഡി.പി.ആർ കാലികമായി പുതുക്കിയ ശേഷം പദ്ധതി നടപ്പാക്കാൻ പാലക്കാട് നഗരസഭക്ക് അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻപ്രകാരം

**സി രാമൻകുട്ടി**
ഡെപ്യൂട്ടി സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, പാലക്കാട് നഗരസഭ
പ്രോജക്ട് ഡയറക്ടർ, KSUDP
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (Audit), (A&E)/(LBA&A), കേരളം, തിരുവനന്തപുരം.
ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ഡയറക്ടർ, ഐ & പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ
ഊർജ്ജ (സി) വകുപ്പ് (UO(F) 9897/സി3/14/ഊർജ്ജവകുപ്പ് പ്രകാരം)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

പകർപ്പ്:- നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രിയുടെ പി.എ
തസ്വഭവ സെക്രട്ടറി (നഗരകാര്യം)യുടെ പി.എ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ